## കശ്മീരിൽ കളിക്കാനാവില്ലെന്ന് മിനർവ

ലുധിയാന: ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കാശ്മീരിൽ റയൽ കാശ്മീരിനെതിര നടക്കേണ്ട തങ്ങളുടെ ഐ ലീഗ് മത്സരം മാറ്റിവെക്കണമെന്ന് മിനർവ പഞ്ചാവ് എ.ഐ.എഫ്.എഫിനോട് ആവശ്യപ്പെട്ടു. ഫെബ്രുവരി 18നാണ് മത്സരം നിശ്ചയിച്ചിരിക്കുന്നത്.





യൂറോപ്പ ലീഗ് ഫുട്ബാളിൽ മാൽമോയ്ക്കെതിരെ ചെൽസിയുടെ ജിറൗഡ് ഗോൾ നേടുന്നു

# ചെൽസി ചാർജ്ജായി, അടിതെറ്റി ആഴ്സനൽ

ലണ്ടൻ: യൂറോപ്പ ലീഗ് ഫുട്ബാളിൽ ഇംഗ്ലീഷ് വമ്പൻമാരായ ചെൽസി തകർപ്പൻ ജയം നേടിയപ്പോൾ മറ്റൊരു സൂപ്പർ ടീം ആഴ്സനലിന് അടിതെറ്റി. റൗണ്ട് 32 ൽ ആദ്യ പാദത്തിൽ സ്വീഡിഷ് ക്ലബ് മാൽമോയെ ഒന്നിനെതിരെ രണ്ട്ഗോളുകൾക്ക്കീഴടക്കിയാണ് പ്രീക്വാർട്ടർ പ്രതീക്ഷകൾ ചെൽസി സജീവമാക്കിയത്.

മാൽമോയുടെ തട്ടകത്തിൽ നടന്ന മത്സരത്തിൽ മുപ്പതാം മിനിറ്റിൽ ജോസ് ബാർക്ക്ലിയും അമ്പത്തെട്ടാം മിനിട്ടിൽ ഒലിവർ ജിറൗഡുമാണ് ചെൽസിക്കായി ലക്ഷ്യം കണ്ടത്. ആൻഡേഴ്സ് ക്രിസ്റ്റ്യൻസണാണ് മാൽമോയ്ക്കായി ലക്ഷ്യം കണ്ടത്. കഴിഞ്ഞ ഞായറാഴ്ച പ്രിമിയർ ലീഗിൽ മാഞ്ചസ്റ്റർ സിറ്റിക്കെതിരെ മറുപടിയില്ലാത്ത ആറ് ഗോളുകൾക്ക് തോറ്റതിന്റെ ക്ഷീണം മാറ്റുന്നതായി ചെൽസിക്ക് ഈ ജയം. രണ്ട് എവേ മത്സരങ്ങളിലെ തോൽവിക്ക് ശേഷമാണ് ചെൽസി എതിരാളികളുടെ മൈതാനത്ത് ജയം നേടുന്നത്. സിറ്റിക്ക് മുമ്പ് ബേൺമൗത്തിനെതിരെയും എവേ മത്സരത്തിൽ ചെൽസി തോറ്റിരുന്നു.

മത്സരത്തിൽ ബാൾപൊസഷനിലും ലക്ഷ്യത്തിലേക്കുള്ള ഷോട്ടുകളിലും പാസിംഗിലും ചെൽസി തന്നെയായിരുന്നു മുന്നിൽ. 22ന് സ്റ്റാംഫോർഡ് ബ്രിഡ്ജിലാണ് രണ്ടാം പാദമത്സരം.

അതേസമയം ആഴ്സനൽ ബെലാറസ് ക്ലബ് ബെയ്റ്റിനോട് ഏകപക്ഷീയമായ ഒരുഗോളിന്റെ ഞെട്ടിക്കുന്ന തോൽവി വഴങ്ങി. ബെയ്റ്റിന്റെ തട്ടകത്തിൽ നടന്ന മത്സരത്തിൽ ഒന്നാം പകുതിയുടെ അധികസമയത്ത് സ്റ്റാനിസ്ലാവ് ഡ്രാഹ്നനാണ് ആതിഥേയരുടെ വിജയ ഗോൾ നേടിയത്. ഫ്രീകിക്കിൽനിന്നായിരുന്നു ബെയ്റ്റിന്റെ വിജയഗോൾ പിറന്നത്. 85-ാം മിനിട്ടിൽ ഫ്രഞ്ച് താരം അലക്സാണ്ടർ ലക്കാസട്ടെ ചുവപ്പ് കാർഡ് കണ്ട് പുറത്തായതിനാൽ പത്തുപേരുമായാണ് ആഴ്സനൽ മത്സരം പൂർത്തിയാക്കിയത്. മത്സരത്തിലുടനീളം മേധാവിത്വം ആഴ്സനലിനായിരുന്നെങ്കിലും ഒരു തവണ പോലും ഗോൾവലകുലുക്കാൻ അവർക്കായില്ല. ഇതോടെ 21ന് സ്വന്തം തട്ടകമായ എമിറേറ്റ്സ് സ്റ്റേഡിയത്തിൽ നടക്കുന്ന രണ്ടാം പാദപോരാട്ടം ആഴ്സനലിന് ചങ്കിടിപ്പേറ്റുന്നതായി.

മറ്റു മത്സരങ്ങളിൽ ബെൻഫിക്ക 2-1ന് ഗളത്സരെയേയും സെവിയ്യ 1-0ത്തിന് ലാസിയോയേയും ഇന്റർ മിലാൻ ഇതേ സ്കോറിന് റാപിഡ് വിയനെയേയും കീഴടക്കി.



കണ്ണീരും ചിരിയും... ചെന്നൈയിൻ എഫ്.സിക്കെതിരെ കേരളബ്ലാസ്റ്റേഴ്സ് താരം പോപ്ലാട്ട്നിക്ക് ഗോൾ നേടിയപ്പോൾ ആഹ്ലാദിക്കുന്ന താരങ്ങൾ. കേരള ബ്ലാസ്റ്റേഴ്സിൽ നിന്ന് ചെന്നൈയിൻ എഫ്.സിയിലേക്ക് പോയ സി.കെ. വിനീത് നിരാശയിൽ നടന്ന് നീങ്ങുന്നു. ഫോട്ടോ: എൻ.ആർ.സുധർമ്മദാസ്

# വൈകി വന്ന വസന്തം!

## ഐ.എസ്.എല്ലിൽ ബ്ലാസ്റ്റേഴ്സ് ചെന്നൈയിനെ കീഴടക്കി (3-0)

കെ.എസ്. സന്ദീപ്

കൊച്ചി: പുതിയ കോച്ച് പകർന്നു നൽകിയ താളത്തിനൊത്ത് കളിച്ച് കേരള ബ്ലാസ്റ്റേഴ്സ് വിജയസൂത്രം കണ്ടെത്തി. എണ്ണം പറഞ്ഞ മൂന്ന് ഗോളുകളിൽ എതിരാളികളായ ചെന്നൈയിൻ എഫ്.സി ചിറകറ്റു വീണു. മതേജ് പൊപ്ലാട്ട്നിക്കിന്റെ ഇരട്ട ഗോൾ ടീമിന് ഉണർത്തുപാട്ടായി. ഐ.എസ്.എൽ മത്സരഗതിയെ ഒരു തരത്തിലും മാറ്റിമറിക്കില്ലെങ്കിലും ബ്ലാസ്റ്റേഴ്സ് ഉണർത്തിയത് തിരിച്ചുവരവിന്റെ ശംഖൊലി.

അവസാന സ്ഥാനക്കാരായ ചെന്നൈയിൻ എഫ്.സിക്കെതിരെ നേടിയ 3 -0ത്തിന്റെ ജയം ബ്ലാസ്റ്റേഴ്സിന്റെ ഉയർത്തെഴുന്നേൽപ്പായാണ് ആരാധകർ കാണുന്നത്. ലീഗിലെ 16 മത്സരങ്ങളിൽ രണ്ടാം ജയം. സ്വന്തം കാണികൾക്ക് മുന്നിൽ ഇത്തവണ ആദ്യത്തേതും. പക്ഷേ ആഹ്ലാദ തിരമാലയുയർത്താൻ ഇന്നലെ ഗാലറിയിൽ ആരാധകർ കുറവായിരുന്നു. വിജയത്തോടെ ഡൽഹിയെ പിന്തള്ളി ബ്ലാസ്റ്റേഴ്സ് 14 പോയിന്റുമായി എട്ടാം സ്ഥാനത്തെത്തി. പൊപ്ലാട്ട്നിക്കന്റെ മിന്നലാക്രമണത്തിന് പിന്നാലെ മലയാളി താരം സഹൽ അബ്ദുൾ സമദ് മൂന്നാം ഗോളോടെ ബ്ലാസ്റ്റേഴ്സിനെ എടുത്തുയർത്തി.

### ഓ...പൊപ്ലാട്ട്നിക്

ഒഴിഞ്ഞ ഗാലറിക്ക് മുന്നിൽ 23 ാം മിനിട്ടിൽ പൊപ്ലാട്ട്നിക് ബ്ലാസ്റ്റേഴ്സിനായി വല കുലുക്കി. പെക്കുസൺ നൽകിയ ക്രോസ് പൊപ്ലാട്ടിനിക് തലകൊണ്ട് വലയിലേക്ക് കോരിയിട്ടു. തുള്ളിയുയരാൻ വിരലിലെണ്ണാവുന്ന മഞ്ഞത്തിരകൾ മാത്രം. ഒന്നാം പകുതിയിൽ ഈ ഒറ്റ ഗോളിൽ ബ്ലാസ്റ്റേഴ്സ് മുന്നിട്ടു നിന്നു.

ആദ്യ പകുതിയിൽ ബ്ലാസ്റ്റേഴ്സിന്റെ മുന്നേറ്റമായിരുന്നു. ഗോളെന്നുറച്ച നിരവധി അവസരങ്ങൾ പിറന്നു. ചെന്നൈയിൽ വല കുലുക്കാൻ അഞ്ചു തവണയാണ് നിറയൊഴിച്ചത്. ചെന്നൈയിന് ഒരു ഷോട്ടു മാത്രമാണ് ബ്ലാസ്റ്റേഴ്സ് ഗോളിയെ പരീക്ഷിക്കാനായത്. രണ്ടാം പകുതിയിൽ 55 -ാം മിനിട്ടിൽ പൊപ്ലാട്ട്നിക്ക് താരോദയമായി ചെന്നൈയിനെ വീണ്ടും ഞെട്ടിച്ചു. സാവിസ നൽകിയ പാസ് ക്ലോസ്റേഞ്ചിൽ നിന്ന് തൊടുത്തത് ചെന്നൈയിന്റെ വല വീണ്ടും കുലുക്കി. 2-0.

### സഹൽ നീ മുത്താണ്

സഹലിന്റെ മുന്നേറ്റങ്ങൾ പല മത്സരങ്ങളിലും ഗാലറികളിൽ ആരവമുയർത്തിയെങ്കിലും ഇന്നലെയാണ് ഗോളടിച്ച് മുത്തായത്.

എതിരാളികളുടെ ആത്മവിശ്വാസം തകർത്ത് ബ്ലാസ്റ്റേഴ്സിന് നിർണായകമായ മൂന്നാം ഗോൾ. 16 മത്സരങ്ങളിൽ എട്ടു പോയിന്റ് മാത്രമുള്ള നിലവിലെ ചാമ്പ്യൻമാരായ ചെന്നൈയിൽ അവസാന സ്ഥാനത്താണ്.

# വിരാടും ബുംറയും തിരിച്ചെത്തി



കൊഹ്‌ലി, ബുംറ



മാർക്കണ്ഡേ

ന്യൂഡൽഹി: ആസ്ട്രേലിയയ്ക്കെതിരായ ഏകദിന, ട്വന്റി -20 മത്സരങ്ങൾക്കുള്ള ഇന്ത്യൻ ടീമിനെ ഇന്നലെ പ്രഖ്യാപിച്ചു. വിശ്രമത്തിലായിരുന്ന നായകൻ വിരാട് കൊഹ്‌ലി, പേസർ ജസ്പ്രീത് ബുംറ എന്നിവർ ടീമിൽ തിരിച്ചെത്തി. ഇംഗ്ലണ്ട് ലയൺസിനെതിരെ മികച്ച പ്രകടനം കാഴ്ചവച്ച മായങ്ക് മാർക്കണ്ഡേയയെ ട്വന്റി 20 ടീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അതേസമയം ദിനേഷ് കാർത്തിക്കിനെ ഏകദിന മത്സരങ്ങളിൽ നിന്നൊഴിവാക്കി. റിഷഭ് പന്ത് ടീമിലുണ്ട്. സൂപ്പർ പേസർ ഭുവനേശ്വർ കുമാറിന് ട്വന്റി-20 യിലും ആദ്യ രണ്ട് ഏകദിനങ്ങളിലും വിശ്രമം അനുവദിച്ചിട്ടുണ്ട്. അവസാന മൂന്ന് ഏകദിനങ്ങളിൽ മാത്രമേ ഭുവനേശ്വറിനെ ഉൾപ്പെടുത്തിയിട്ടുള്ളൂ.

ഭുവിക്ക് പകരം സിദ്ധാർത്ഥ് കൗളിനാണ് അവസരം കിട്ടിയത്. സ്പിന്നർ കുൽദീപ് യാദവിനും വിശ്രമം നൽകി.

ചാറ്റ് ഷോയ്ക്കിടെ വിവാദ പരാമർശം നടത്തിയതിനാൽ വിലക്ക് നേരിടുകയും പിന്നീട് ടീമിൽ നിന്ന് ഒഴിവാക്കപ്പെടുകയും ചെയ്ത കെ.എൽ രാഹുലും ടീമിൽ തിരിച്ചെത്തിയിട്ടുണ്ട്.

24ന് വിശാഖപട്ടണത്താണ് ട്വന്റി -20 പരമ്പരയിലെ ആദ്യ മത്സരം. മാർച്ച് 2 മുതൽ 13 വരെയാണ് ഏകദിന പരമ്പര.

## ഇറാനി ട്രോഫിയിൽ ആവേശം

നാഗ്പൂർ: ഇറാനി ട്രോഫിയിൽ മത്സരം ആവേശകരമായ അന്ത്യത്തിലേക്ക്. ഒന്നാമിന്നിംഗ്സ് ലീഡ് വഴങ്ങിയ ശേഷം തകർപ്പൻ ബാറ്റിംഗിലൂടെ തിരിച്ചെത്തിയ റെസ്റ്റ് ഓഫ് ഇന്ത്യ നാലാം ദിനം മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 374 റൺസ് നേടി ഇന്നിംഗ്സ് ഡിക്ലയർ ചെയ്തു.

കിരീടം നേടാൻ രഞ്ജി ചാമ്പ്യന്മാരായ വിദർഭയ്ക്ക് മുന്നിൽ അവർ 280 റൺസിന്റെ വിജയ ലക്ഷ്യമാണ് വച്ചുനീട്ടിയത്. വിദർഭ നാലാം ദിനം കളിനിറുത്തുമ്പോൾ ഒരു വിക്കറ്റ് നഷ്ടത്തിൽ 37 റൺസ് എന്ന നിലയിലാണ്.

ഒരു ദിനവും ഒമ്പതു വിക്കറ്റും ശേഷിക്കെ ജയത്തിലേക്ക് അവർക്ക് ഇനി 243 റൺസ് കൂടി വേണം. മത്സരം സമനിലയിൽ കലാശിച്ചാൽ പോലും ആദ്യ ഇന്നിംഗ്സ് ലീഡിന്റെ പിൻബലത്തിൽ വിദർഭ കിരീടം ഉയർത്തുമെന്നതിനാൽ ശേഷിച്ച ഒമ്പതു വിക്കറ്റുകൾ കൂടി കടപുഴക്കാനാകും റെസ്റ്റ് ഓഫ് ഇന്ത്യ ഇന്ന് കച്ചമുറുക്കി ഇറങ്ങുക.



*തിരുവനന്തപുരം ജില്ലാ പവർലിഫ്ടിംഗ് ചാമ്പ്യൻഷിപ്പിൽ 120 കിലോ വിഭാഗത്തിൽ തുടർച്ചയായി നാലാം തവണയും സ്വർണമെഡൽ നേടിയ ഉണ്ണികൃഷ്ണൻ നായർ. വഞ്ചിയൂർ വീരകേരള ജിംഖാന അംഗമാണ്.*

# ഇന്ത്യ എയ്ക്ക് പരമ്പര

മൈസൂർ: ഇംഗ്ലണ്ട് ലയൺസിനെതിരായ ചതുർദിന ടെസ്റ്റ് പരമ്പര ഇന്ത്യ എയ്ക്ക്. മൈസൂരിൽ നടന്ന രണ്ടാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്നിംഗ്സിനും 68 റൺസിനും ജയിച്ചാണ് ഇന്ത്യ പരമ്പര സ്വന്തമാക്കിയത്. വയനാട് കൃഷ്ണഗിരി സ്റ്റേഡിയത്തിൽ നടന്ന മത്സരം സമനിലയിൽ കലാശിച്ചിരുന്നു. ഇതോടെ രണ്ടു മത്സര പരമ്പര ഇന്ത്യ 1-0ന് സ്വന്തമാക്കുകയായിരുന്നു. നേരത്തെ ഏകദിന പരമ്പര ഇന്ത്യ എ 4-1ന് സ്വന്തമാക്കിയിരുന്നു.

ഇന്ത്യ എയുടെ ഒന്നാം ഇന്നിംഗ്സ് സ്കോറായ 392 റൺസിന് മറുപടിയായി ഒന്നാം ഇന്നിംഗ്സിൽ 144 റൺസിന് പുറത്തായ ഇംഗ്ലണ്ട് ലയൺസ് രണ്ടാം ഇന്നിംഗ്സിൽ 180 റൺസിന് ആൾഔട്ടായി. മായങ്ക് മാർക്കണ്ഡേ അഞ്ചു വിക്കറ്റെടുത്തു.




# വനിതാ ഫുട്ബാൾ അക്കാഡമി രൂപീകരിക്കും: മന്ത്രി ജയരാജൻ

നെടുമങ്ങാട്: സംസ്ഥാനത്ത് വനിതാ ഫുട്ബാൾ അക്കാഡമി രൂപീകരിക്കുമെന്ന് മന്ത്രി ഇ.പി. ജയരാജൻ പറഞ്ഞു. സ്പോർട്സ് സ്കൂളുകളുടെ അടിസ്ഥാന കായിക വികസനം ലക്ഷ്യമാക്കി സംസ്ഥാന കായിക വകുപ്പ് മൈലം ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നിർമ്മാണോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സിന്തറ്റിക് ഫുട്ബാൾ ടർഫ്, ഹോക്കി ടർഫ്, സിന്തറ്റിക് ട്രാക്ക് എന്നിവ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കും. ദേശീയ, രാജ്യാന്തര മത്സരങ്ങളിൽ സ്വർണമെഡൽ നേടുന്ന കായിക താരങ്ങൾക്ക് ജോലി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയെന്നും ഒളിമ്പിക്സ് മെഡൽ ലക്ഷ്യമാക്കി ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയുടെ ഭാഗമായി വിദേശ പരിശീലകരുടെ സേവനം ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി.



*ജി.വി.രാജ സ്കൂളിനെ അന്തർ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം മന്ത്രി ഇ.പി.ജയരാജൻ നിർവഹിക്കുന്നു. എ.സമ്പത്ത് എം.പി, കെ.എസ്.ശബരിനാഥന് എം.എൽ.എ, സ്പോർട്സ് കൗൺസിൽ പ്രസിഡൻറ് ടി. പി.ദാസൻ, കായിക-യുവജന കാര്യാലയം ഡയറക്ടർ സജ്ജയൻ കുമാർ തുടങ്ങിയവർ സമീപം.*

അന്താരാഷ്ട്ര നിലവാരത്തിലുള്ള സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണത്തിന് 6.38 കോടി രൂപയുടേയും ഹോക്കി ടർഫ് നിർമ്മാണത്തിന് 4.65 കോടി രൂപയുടേയും സിന്തറ്റിക് ഫുടബാൾ ടർഫ് നിർമ്മാണത്തിന് 4.33 കോടി രൂപയുടേയും ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. കെ.എസ് ശബരീനാഥൻ എം.എൽ.എയുടെ അദ്ധ്യക്ഷത വഹിച്ചു.

ഡോ. എ.സമ്പത്ത് എം.പി മുഖ്യാതിഥിയായിരുന്നു. ഖേലോ ഇന്ത്യയിൽ പങ്കെടുത്ത് മികച്ച പ്രകടനം കാഴ്ചവച്ച കായികതാരങ്ങളെ മന്ത്രി ആദരിച്ചു.



*കോർപ്പറേഷൻ സ്റ്റേഡിയത്തിൽ പരിശീലനം നടത്തുന്ന ഇന്ത്യൻ ആരോസ് ടീം. ഫോട്ടോ: രോഹിത്ത് തയ്യിൽ*

# കരകയറാൻ ഗോകുലം

കോഴിക്കോട്: ഐ ലീഗില നിർണായക മത്സരത്തിൽ ഗോകുലം കേരള എഫ്.സിക്ക് ഇന്ന് ഇന്ത്യൻ ആരോസിനെ നേരിടും. കോഴിക്കോട് കോർപറേഷൻ ഇ.എം.എസ് സ്റ്റേഡിയത്തിൽ വൈകിട്ട് അഞ്ച് മുതലാണ് മത്സരം. തുടർച്ചയായി തോൽവികൾ ഏറ്റുവാങ്ങി പോയിന്റ് പട്ടികയിൽ ഏറെ പിന്നാക്കം പോയ ഗോകുലത്തിന് സ്വന്തം മൈതാനത്ത് ജയിച്ചേ തീരൂ. ഏഴ് എവേ മത്സരത്തിന് ശേഷമാണ് ഗോകുലം ഹോം മത്സരത്തിനിറങ്ങുന്നത്. നിലവിൽ 15 കളിയിൽ രണ്ട് ജയവും ആറു സമയനിലയുമായി ഗോകുലം പത്താമതും 17 കളിയിൽ അഞ്ച് ജയവും ഒരു സമനിലയുമായി ആരോസ് ഏഴാമതുമാണ്.

സൂപ്പർ കപ്പ് സാദ്ധ്യത നിലനിറുത്തണമെങ്കിലും ഗോകുലത്തിന് ജയം അത്യാവശ്യമാണ്. മോഹൻ ബഗാനെതിരെ അവസാനം കളിച്ച മത്സരത്തിൽ സമനില നേടാനായതാണ് ഗോകുലത്തിന് പ്രതീക്ഷ നൽകുന്ന ഘടകം. ഇന്ത്യൻ ആരോസിനായി മലയാളി താരം കെ.പി രാഹുൽ ബൂട്ടുകെട്ടും.

